ഉത്തരം

(എ&ബി) 1955-ലെ അവശ്യസാധന നിയമം ഒരു കേന്ദ്ര നിയമമാകയാൽ സംസ്ഥാന സർക്കാരിന് അതിൽ ഭേദഗതി വരുത്താൻ കഴിയില്ല. എന്നാൽ, പ്രസ്തുത കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ ചില അവശ്യവസ്തുക്കളുടെ ഉൽപ്പാദനം, വിതരണം, വിപണനം ഇവ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ 1986-ൽ കേരള അവശ്യസാധന നിയന്ത്രണ നിയമത്തിന് രൂപം കൊടുത്തിരുന്നു. 1955 -ലെ കേന്ദ്ര ആക്ടിൽ നിർവ്വചിച്ചിട്ടുള്ള ചില അവശ്യ സാധനങ്ങളെ 1986-ലെ കേരള അവശ്യസാധന നിയന്ത്രണ ആക്ടിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാലും, അരി, ഗോതമ്പ് മുതലായ അവശ്യസാധനങ്ങളെ അവശ്യസാധനങ്ങളായി വിജ്ഞാപനം ചെയ്യുന്നതിനും അവയുടെ സുഗമമായ നീക്കവും നീതിപൂർവ്വമായ വിതരണവും ഉറപ്പാക്കുന്നതിനുവേണ്ടിയും 1986-ലെ കേരള അവശ്യസാധന നിയന്ത്രണ നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

മാവേലി സ്റ്റോറിലും സഹകരണ വകുപ്പിന്റെ സ്റ്റോറിലും സാധനങ്ങളുടെ വില വ്യത്യാസം

98(1353) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള മാവേലി സ്റ്റോറുകളിലും, സഹകരണ വകുപ്പിന്റെ കീഴിലുള്ള സ്റ്റോറുകളിലും നിത്യോപയോഗ സാധനങ്ങൾ ഒരേ വിലയ്ക്കാണോ വിൽക്കുന്നത്, അല്ലെങ്കിൽ വില വ്യത്യാസം എന്തുകൊണ്ട് ഉണ്ടാകുന്നു എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അവശ്യസാധന വില നിലവാരം ക്രമീകരിച്ച് തുല്യമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ;

(സി) ഈ സർക്കാർ അധികാരം ഏറ്റെടുത്തതിനുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡി ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ട്; വാർഷികാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സർക്കാരിന്റെ നേരിട്ടുള്ള ഏജൻസിയും കൺസ്യൂമർഫെഡ് സഹകരണമേഖലയിലുള്ള അപ്പക്സ് സ്ഥാപനവുമാണ്. സംഭരണ വിതരണ വിപണന രംഗങ്ങളിൽ രണ്ട് ഏജൻസികളുടെയും പ്രവർത്തന ശൈലികൾ തമ്മിൽ വ്യത്യാസമുണ്ട്. ഇതിനാൽ എല്ലാ സാധനങ്ങളുടെയും വില ഇരുസ്ഥാപനങ്ങളിലും സബ്സിഡി വിൽപ്പന കാലയളവിൽ ഒന്നുതന്നെ ആയിരിക്കണമെന്നില്ല. എല്ലാ മാസവും സർക്കാർ നിശ്ചയിച്ചു നൽകുന്ന സബ്സിഡി വിലകൾക്കാണ് അവശ്യസാധനങ്ങൾ സപ്ലൈകോ വിൽപ്പന ശാലകൾവഴി വിറ്റുവരുന്നത്. സർക്കാർ സബ്സിഡി

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്ന 13 ഇനം സാധനങ്ങൾക്ക് ഇരു സ്ഥാപനങ്ങളിലും ഒരേ വിലയാണ് ഉള്ളത്. ഉത്സവകാലങ്ങൾ ഒഴിച്ചുള്ള സന്ദർഭങ്ങളിൽ പലപ്പോഴും നേരിയ വില വ്യത്യാസം ഉണ്ടാകാറുണ്ട്.

(ബി) ഇല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന 18-5-2006-ന് ശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് ലഭിച്ച സബ്സിഡി-331.62 കോടി രൂപ.

വർഷം	സബ്സിഡി തുക (കോടി) മാർക്കറ്റ് ഇന്റർവെൻഷൻ	അരിക്കട തുക (കോടി)	ഓണക്കിറ്റ് തുക (കോടി)	ആകെ (കോടി)
മേയ്/2006-07	23.62	*	6.38	30.00
2007-08	42.92	7.08		50.00
2008-09	69.32	25.68	(#)10.00	105.00
2009-10	47.00	24.00	12.00	83.00
2010-11 (Up to 12/2010)	49.31	10.00	14.31	73.62

* പദ്ധതി നിലവിലില്ലായിരുന്നു.

(#) ഓണക്കിറ്റ് വിതരണം നടത്തിയതിന് കോർപ്പറേഷന് 12 കോടി രൂപ ചെലവായിട്ടുണ്ട്.

റേഷൻ മൊത്ത വ്യാപാരികളുടെ കമ്മീഷൻ

97(1354) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്തെ റേഷൻ മൊത്തവ്യാപാരികൾക്ക് ഭക്ഷ്യധാന്യം എഫ്.സി.ഐ. ഗോഡൗണിൽ നിന്നും എടുത്ത് ട്രാൻസ്പോർട്ട് ചെയ്ത് ഗോഡൗണിൽ സൂക്ഷിച്ച് എ.ആർ.ഡി.-ക്ക് നൽകുന്നതിന് കിലോഗ്രാമിന് എത്ര രൂപ നിരക്കിൽ കമ്മീഷൻ നൽകുന്നു എന്ന് വ്യക്തമാക്കുമോ :

(ബി) എഫ്.സി.ഐ. ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ കയറ്റുന്നതിന് തൊഴിലാളികൾ അനധികൃതമായി ലോഡ് ഒന്നിന് 500 മുതൽ 1200 വരെ വാങ്ങുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(സി) ലോറിവാടക, ഡീസൽവില, കൂലി, കെട്ടിട വാടക, ശമ്പളം, മറ്റു ചെലവുകൾ എന്നിവയിലെ വർദ്ധനവിന് ആനുപാതികമായി കമ്മീഷൻ കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly